**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1115** **06-02-2023 - ൽ മറുപടിയ്ക്ക്**

**വെള്ളക്കരത്തിലെ വര്‍ദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. റോജി എം. ജോൺ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വെള്ളക്കരം ലിറ്ററിന് ഒരു പൈസ എന്ന തോതിൽ വര്‍ദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | **തീരുമാനിച്ചിട്ടുണ്ട്.** |
| (ബി) | വാട്ടർ അതോറിറ്റി ആയിരം ലിറ്റർ വെള്ളമാണോ ഒരു യൂണിറ്റായി കണക്കാക്കുന്നത് എന്ന് വ്യക്തമാക്കാമോ; എങ്കിൽ വിലവര്‍ദ്ധനവ് യൂണിറ്റ് അടിസ്ഥാനത്തിന് പകരം ലിറ്റർ അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ചതിന്റെ കാരണം വിശദമാക്കുമോ; | (ബി) | **കേരള വാട്ടർ അതോറിറ്റി ആയിരം ലിറ്റർ വെള്ളമാണ് ഒരു യൂണിറ്റായി കണക്കാക്കുന്നത്. വെള്ളത്തിന്റെ അളവുകോൽ ലിറ്ററിൽ ആയതിനാലാണ് താരിഫ് വര്‍ദ്ധനവ് ലിറ്റർ അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ചത്.** |
| (സി) | വെള്ളക്കരം ലിറ്ററിന് ഒരു പൈസ വര്‍ദ്ധിപ്പിച്ചാൽ ഓരോ യൂണിറ്റ്(ആയിരം ലിറ്റർ) വെള്ളത്തിനും 10 രൂപ നിരക്കിൽ വര്‍ദ്ധിക്കും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.** |
| (ഡി) | വെള്ളക്കരം ലിറ്ററിന് ഒരു പൈസ വര്‍ദ്ധിപ്പിച്ചാൽ 10 യൂണിറ്റ് ശരാശരി ഉപഭോഗമുള്ള ഒരു കുടുംബത്തിന്റെ ബില്ലിൽ മൂന്നിരട്ടിയോളം വര്‍ദ്ധനവുണ്ടാകും എന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത്രയും ഭീമമായ വര്‍ദ്ധനവ് തീരുമാനിക്കാൻ ഉണ്ടായ സാഹചര്യം വിശദമാക്കുമോ? | (ഡി) | **ഒരു ലിറ്റർ കുടിവെള്ളത്തിന് ഒരു പൈസ നിരക്കിൽ വര്‍ദ്ധിപ്പിക്കുന്നത് മുഖേന ഗാർഹിക ഉപഭോക്താക്കൾക്ക് മാസം 5,000 ലിറ്റർ വരെയുള്ള ജലത്തിന് 22.05രൂപയിൽ നിന്നും 72.05 രൂപയായി വര്‍ദ്ധിക്കും. എന്നാൽ ബി.പി.എൽ കുടുംബങ്ങൾക്ക് പ്രതിമാസം 15,000 ലിറ്റർ ജലം സൗജന്യമായി നൽകി വരുന്നത് തുടരും.**<br><br>**ജല ശുദ്ധീകരണത്തിനും വിതരണത്തിലും വരുന്ന ചിലവിനേക്കാൾ വളരെ കുറഞ്ഞ നിരക്കിൽ ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നത് വഴി വാട്ടർ അതോറിറ്റിക്ക് ഭീമമായ നഷ്ടമാണ് പ്രതിവര്‍ഷം ഉണ്ടാകുന്നത്. വര്‍ഷാവര്‍ഷം വര്‍ധിച്ചു വരുന്ന വൈദ്യുതി ചാർജ്ജ്, കെമിക്കൽസിന്റെ വില വര്‍ദ്ധനവ്, അറ്റകുറ്റ പണികളുടെ ചെലവ്, വായ്പ തിരിച്ചടവ്, ശമ്പളം, പെൻഷൻ ചെലവ് എന്നിവക്ക് അനുസൃതമായി വാട്ടർ ചാർജ്ജിൽ വര്‍ദ്ധനവ് ഉണ്ടാകുന്നില്ല. വൈദ്യുതി ചാർജ്ജ് ഇനത്തിൽ** |

| | | | |
|---|---|---|---|
| | | | **KSEB ക്കു 1263.64 കോടി രൂപ വാട്ടർ അതോറിറ്റി നൽകാനുണ്ട്. മാത്രമല്ല 2018 മുതൽക്കുള്ള പെൻഷൻ ആനുകൂല്യങ്ങളും, പി.എഫ് ഉൾപ്പെടെയുള്ള മറ്റു ആനുകൂല്യങ്ങളും ജീവനക്കാർക്ക് നൽകാനുണ്ട്. അറ്റകുറ്റപ്പണികൾ ചെയ്ത വകയിൽ കരാറുകാർക്ക് 137.06 കോടി രൂപ കൊടുത്തു തീർക്കാനുണ്ട്.<br>ഈ സാഹചര്യത്തിലാണ് വാട്ടർ ചാർജ്ജു വർധിപ്പിക്കാനുള്ള കേരള വാട്ടർ അതോറിറ്റിയുടെ ശുപാർശ അംഗീകരിക്കാൻ തീരുമാനിച്ചത്.** |

സെക്ഷൻ ഓഫീസർ